## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3180 21.08.2017-ലെ മറുപടിയ്ക്ക്**

**വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II ജീവനക്കാരുടെ ജോലിഭാരം**

| ചോദ്യം<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്: | | ഉത്തരം<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര ധന സഹായം ഈ സാമ്പത്തിക വർഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഗ്രാമവികസന വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II ജീവനക്കാരുടെ ജോലി ഭാരം വർദ്ധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ കൂടുതൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | പ്രസ്തുത തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത്; ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ; | (ഡി) | ഇല്ല, ഒഴിവുകൾ ഇല്ല. |

(ഇ) പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയോടും മുനിസിപ്പാലിറ്റികൾ കോർപ്പറേഷനോടും കൂട്ടിച്ചേർത്ത പ്രദേശങ്ങളിലും ജനസംഖ്യ കൂടുതൽ ഉള്ള പഞ്ചായത്തുകൾ, ബ്ലോക്കുകൾ എന്നിവിടങ്ങളിലും ജനസംഖ്യാനുപാതികമായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) മറ്റു ജില്ലകളിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ ഡെപ്യൂട്ടേഷൻ/ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കു പകരം പ്രസ്തുത തസ്തികകളിൽ നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

(എഫ്) നിലവിൽ വ്യവസ്ഥയില്ല.

സെക്ഷൻ ഓഫീസർ